നമ്പർ സി1/10776/റ്റിസി/2011

ട്രാൻസ്പോർട്ട്കമ്മീഷണറേറ്റ്,കേരളം;
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം.
തീയതി:. 08 06.2011

## സർക്കുലർ നമ്പർ 12 / 2011

വിഷയം :- മോട്ടോർ വാഹന വകുപ്പ് — വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറ്റുന്നതുമായി ബന്ധപ്പെട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ച്

സൂചന : ഇതുമായി ബന്ധപ്പെട്ട് വന്ന വാർത്തകളും മറ്റു അനുബന്ധകാര്യങ്ങളും

സംസ്ഥാനത്ത് ചില റീജിയണൽ ട്രാൻസ്പോർട്ട്/സബ്ബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ വാഹനങ്ങളുടെ ഉടമസ്ഥാവകാശം മാറ്റി നൽകുമ്പോൾ ചില ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മോഷണവാഹനങ്ങളും, മറ്റ് അനധികൃതമായി കൈവശപ്പെടുത്തിയ വാഹനങ്ങളും ഉദ്യോഗസ്ഥരുടെ അനാസ്ഥകൊണ്ടും ഉദാസീനമായ സമീപനം കൊണ്ടും അപേക്ഷകളുടെയും അനുബന്ധമായി സമർപ്പിക്കുന്ന രേഖകളുടെയും നിജസ്ഥിതി ഉറപ്പു വരുത്താതെ അപേക്ഷകളിൽ തീർപ്പു കൽപ്പിക്കുന്നത് വകുപ്പിന്റെ വിശ്വാസ്യതയ്ക്ക് കളങ്കമായി മാറത്തക്ക വിധം ദൃശ്യ ശ്രവ്യ മാധ്യമങ്ങളിൽ വാർത്തകൾ വരാൻ കാരണമാകുന്നുണ്ട് . ഈ സാഹചര്യത്തിൽ വാഹനങ്ങളുടെ ഉടമസ്ഥാവകാശം മാറ്റിക്കൊടുക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.

1. മറ്റ് ഓഫീസുകളിൽ രജിസ്റ്റർ ചെയ്ത മോട്ടോർ കാറുകൾ, ഇരുചക്രവാഹനങ്ങൾ എന്നിവയുടെ ഉടമസ്ഥാവകാശം മാറ്റുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ വാഹനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ചുള്ള വിശദാംശങ്ങൾ വകുപ്പിന്റെ വെബ്-സൈറ്റ് വഴി പരിശോധിച്ച് അപേക്ഷയുടെ നിജസ്ഥിതി പരിശോധിക്കേണ്ടതും ഇക്കാര്യം ഫയലിൽ രേഖപ്പെടുത്തേണ്ടതുമാണ്. വെബ്-സൈറ്റിൽ വാഹനത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ലായെങ്കിൽ ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റിയിൽ നിന്നും ഇ-മെയിൽ വഴി വിവരം ആരായേണ്ടതും 2 ദിവസത്തിനകം തീർപ്പ് കൽപ്പിക്കേണ്ടതുമാണ്

2. ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും, പി.എസ്.വി ഫോർ പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾക്കും ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ ഒരു പകർപ്പ് ഉടമസ്ഥാവകാശം മാറ്റികൊടുക്കേണ്ട രജിസ്റ്ററിംഗ് അതോറിറ്റി/അഡീഷണൽ രജിസ്റ്ററിംഗ് അതോറിറ്റിക്ക് ഇ-മെയിൽ സന്ദേശം വഴി അയച്ചുകൊടുക്കേണ്ടതാണ്. ഇ-മെയിൽ സന്ദേശം ലഭിച്ചാൽ മാത്രമേ പേര് മാറ്റാനുള്ള അപേക്ഷയയിൻമേൽ തീരുമാനം എടുക്കുവാൻ പാടുള്ളൂ. ഇ-മെയിൽ ലഭിച്ചില്ലായെങ്കിൽ ബന്ധപ്പെട്ട രജിസ്റ്ററിംഗ് അതോറിറ്റി/അഡീഷണൽ രജിസ്റ്ററിംഗ് അതോറിറ്റിയെ ഫോൺ വഴി ബന്ധപ്പെട്ട് ഇ-മെയിൽ ആവശ്യപ്പെടാവുന്നതാണ്. ഇക്കാര്യങ്ങൾ അപേക്ഷ സെക്ഷനിൽ ലഭിക്കുന്ന അന്നു തന്നെ പൂർത്തിയാക്കേണ്ടതാണ്.

3. ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഉൾപ്പെടെ വരുന്ന അപേക്ഷകളിലും വാഹനത്തിന്റെ വിശദാംശങ്ങൾ വെബ്-സൈറ്റ് വഴി പരിശോധിക്കേണ്ടതാണ്.

4. മേൽ പറഞ്ഞ എല്ലാതരം വാഹനങ്ങൾക്കും വെബ്-സൈറ്റ് വഴി പരിശോധന നടത്തുമ്പോൾ അപേക്ഷയിൽ പറയുന്ന വാഹനവുമായി എന്തെങ്കിലും വ്യത്യാസം കാണുകയാണെങ്കിൽ ഒറിജിനൽ രജിസ്റ്ററിംഗ് അതോറിറ്റിയുമായി അടിയന്തിരമായി ബന്ധപ്പെടേണ്ടതും അപേക്ഷയുടെ നിജസ്ഥിതി പരിശോധിക്കേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ അപേക്ഷയിൽ പറയുന്ന വാഹനം/അപേക്ഷ വ്യാജമാണെന്ന് തോന്നുകയാണെങ്കിൽ ഉടൻ തന്നെ പോലീസിൽ വിവരമറിയിച്ച് കേസ് രജിസ്റ്റർ ചെയ്യേണ്ടതും ടി കേസിൻ മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഒരു കാരണവശാലും ഇത്തരത്തിൽ വ്യാജമായി ലഭിക്കുന്ന അപേക്ഷ മടക്കി കൊടുക്കുവാൻ പാടുള്ളതല്ല.

5. വിവരങ്ങൾ വെബ്-സൈറ്റിൽ ലഭ്യമല്ലാത്ത വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറുന്നതിനുള്ള അപേക്ഷ ഫാസ്റ്റ് ട്രാക്ക് കൗണ്ടർ വഴി സ്വീകരിക്കുകയാണെങ്കിൽ ഇ-മെയിൽ വഴി ഒറിജിനൽ അതോറിറ്റിയിൽ നിന്നും വിവരങ്ങൾ ശേഖരിച്ചതിനു ശേഷം

മാത്രം ഈ അപേക്ഷ ഫാസ്റ്റ് ട്രാക്കിൽ പരിഗണിക്കേണ്ടതാണ്. മേൽ വിവരം ഫാസ്റ്റ് ട്രാക്കുമായി ബന്ധപ്പെട്ട് പരസ്യപ്പെടുത്തിയ നോട്ടീസ് ബോർഡിൽ ചേർക്കേണ്ടതാണ്.

6. വാഹനങ്ങളുടെ ഉടമസ്ഥാവകാശം മാറ്റാനുള്ള അപേക്ഷ ഓൺ ലൈനായി സ്വീകരിക്കാനുള്ള സൗകര്യം എല്ലാ ഓഫീസുകളിലും ലഭ്യമായ സ്ഥിതിക്ക് ക്രമക്കേടുകൾ ഒഴിവാക്കാനായി പരമാവധി ഇത്തരം അപേക്ഷകൾ ഓൺ ലൈനായി അയക്കാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും സബ്ബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും ഇതിനായി സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ.

അംഗീകാരത്തോടെ

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ട്രാക്ലേഷൻ)

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും